**പതിമൂന്നാം കേരള നിയമസഭ**

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **4558** **17.12.2014** ലെ മറുപടിക്ക്

**പട്ടികജാതി കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിന് ധനസഹായം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എ.കെ.ബാലൻ** | | **ശ്രീ. എ.പി.അനിൽ കുമാർ (പട്ടികജാതി-പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പ് മന്ത്രി)** | |
| (എ) | കേരളത്തിൽ വീടില്ലാത്ത എത്ര പട്ടികജാതി കുടുംബങ്ങൾ ഉണ്ടെന്നും ഇതിൽ 2014-'15 വർഷം എത്ര വീടുകൾ കൊടുക്കാനാണ് തീരുമാനിച്ചിട്ടുള്ളത് എന്നും വ്യക്തമാക്കാമോ; | (എ) | 2009 -10-ലെ 'കില'യുടെ റിപ്പോർട്ട് പ്രകാരം കേരളത്തിൽ 25154 പട്ടികജാതി കുടുംബങ്ങൾ ഭവന രഹിതരായിട്ടുണ്ട്.<br>4000 വീടുകൾക്കാണ് 2014-15 ൽ ഭവനനിർമ്മാണ ധനസഹായം അനുവദിക്കാൻ തീരുമാനിച്ചിട്ടുള്ളത് . |
| (ബി) | ഭവന നിർമ്മാണത്തിനുള്ള ധനസഹായം വീട് ഒന്നിന് 3 ലക്ഷം രൂപയാക്കിയതിനു ശേഷം എത്ര വീടുകൾക്കാണ് തുക കൊടുത്തിട്ടുള്ളത് എന്ന വിവരം ലഭ്യമാക്കാമോ; | (ബി) | ഭവന നിർമ്മാണത്തിനുള്ള ധന സഹായം വർദ്ധിപ്പിച്ച ശേഷം 4000 വീടുകൾ അനുവദിച്ചു. ഇവർക്ക് ഒന്നാം ഗഡു നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. 2007-08 മുതൽ 2013-14 വരെ അനുവദിച്ചതിൽ മുഴുവൻ ഗഡുക്കളും കൈപ്പറ്റാത്തവർക്ക് അവശേഷിക്കുന്ന ഗഡുക്കൾ പുതുക്കിയ നിരക്കിന് ആനുപാതികമായി നൽകി വരുന്നു. |
| (സി) | ഇതിൽ എത്ര വീടുകൾ പൂർത്തീകരിച്ചുവെന്ന് ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കുമോ? | (സി) | ഭവന നിർമ്മാണ ധനസഹായം 2014 ജൂലൈയിൽ 3 ലക്ഷം രൂപയായി വർദ്ധിപ്പിച്ച ശേഷം അനുവദിച്ച 4000 വീടുകൾക്ക് ഒന്നാം ഗഡു നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ